No. 06/2021

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പരിശുദ്ധ സഭയുടെ ക്രിസ്തീയ സാക്ഷ്യത്തിന്റെ അവിഭാജ്യഘടകമാണ് സുവിശേഷീകരണ ദൗത്യം. ഈ ദൗത്യം അർത്ഥപൂർണ്ണമായി നിറവേറ്റുവാൻ സഭ ഏറെ ശ്രദ്ധിക്കുന്നുണ്ട്. കുഷ്ഠരോഗികൾക്കും എയ്ഡ്സ് രോഗികൾക്കും അവരുടെ മക്കൾക്കും വേണ്ടി പ. സഭ നടത്തിവരുന്ന മഹത്തായ സ്ഥാപനങ്ങൾ ഇതിനുള്ള ശ്രേഷ്ഠമായ ഉദാഹരണങ്ങളാണ്. ആന്ധ്രയിലെ യാച്ചാരം, പൂനയിലെ ദേഹുറോഡ്, ബാംഗ്ലൂരിലെ കുണിഗൽ തുടങ്ങിയ സ്ഥലങ്ങളിലുള്ള ബാലഗ്രാമുകൾ ഉൾപ്പെടെയുള്ള മിഷൻ സ്ഥാപനങ്ങൾ അനുഗ്രഹകരമായി പ്രവർത്തനങ്ങൾ തുടരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ക്രൈസ്തവസാക്ഷ്യത്തിന്റെ പ്രകാശഗോപുരങ്ങളായി പരിലസിക്കുന്ന ഈ പ്രസ്ഥാനങ്ങളുടെ തുടർന്നുള്ള വളർച്ചയ്ക്കും വികസനത്തിനുമായി നമുക്ക് പ്രാർത്ഥിക്കാം.

യാച്ചാരം ബാലഗ്രാമിൽ കുഷ്ഠരോഗികളുടെ 110 കുഞ്ഞുങ്ങൾ ഒന്നാംക്ലാസുമുതൽ എഞ്ചിനിയറിംഗും, ബി.ഡി.എസും വരെ പഠിക്കുന്നു. മറ്റ് സ്ഥാപനങ്ങളിലുള്ള ഇരുനൂറോളം കുഞ്ഞുങ്ങൾ സമർത്ഥരായി പഠനം നടത്തുന്നു. വിദ്യാഭ്യാസം പൂർത്തിയാക്കിയവർ വിവിധ സ്ഥലങ്ങളിൽ നല്ല നിലകളിൽ ജോലി ചെയ്യുന്നു. ബാലഗ്രാമിനോട് ചേർന്നുള്ള ആശുപത്രിയും വൃദ്ധഭവനവും സമീപഗ്രാമങ്ങളിലെ അശരണരായവർക്ക് അനുഗ്രഹമായി നിലകൊള്ളുന്നു. യാച്ചാരം ബാലഗ്രാമിലെ കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുഞ്ഞുങ്ങളുടെ സുഗമമായ പഠനത്തിനുകൂടി സഹായകമാകുവാൻവേണ്ടി ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ സ്കൂൾ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചു.

ഈ വർഷത്തെ ഗർബോ ഞായറാഴ്ച ഫെബ്രുവരി 21-ാം തീയതിയാണല്ലോ. അന്നേ ദിവസം ലോകമെങ്ങുമുള്ള കുഷ്ഠരോഗികൾക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയും സഭവകയായി അവർക്കും, അവരുടെ കുഞ്ഞുങ്ങൾക്കായും നടത്തപ്പെടുന്ന സ്ഥാപനങ്ങൾക്കുവേണ്ടിയും അതിലെ പ്രവർത്തകർക്കുവേണ്ടിയും പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥന നടത്തണം. അന്നത്തെ കാണിക്കയും പ്രത്യേക സംഭാവനകളും The Director, St. Gregorios Balagram, Yacharam P.O, (via) Ibrahim Pattanam, R. R. District, Thelangana എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും  നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും  മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2021 ജനുവരി മാസം 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.